**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1504** **06.03.2017 ൽ മറുപടിയ്ക്ക്**

**ഒല്ലൂർ നിയോജക മണ്ഡലത്തിലെ പച്ചതേങ്ങ സംഭരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ രാജൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| (എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനകളിലാണ് പച്ചതേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കുർക്കഞ്ചേരി, മാടക്കത്തറ, ഒല്ലൂർ പാണഞ്ചേരി, പുത്തൂർ എന്നീ കൃഷി ഭവനകൾ |
| ബി) പച്ചതേങ്ങ സംഭരിച്ച ഇനത്തിൽ പ്രസ്തുത കൃഷിഭവനകളിൽ എത്ര രൂപ കുടിശ്ശികയായി കർഷകർക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന മുഴുവൻ തുകയും പൂർണ്ണമായും കൊടുത്തു കഴിഞ്ഞു. |
| സി) ഈ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | |
| ഡി) പച്ചതേങ്ങ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ? | (ഡി) പച്ചത്തേങ്ങാ സംഭരണം ശക്തിപ്പെടുത്തുന്നതിനായി കർഷക സംഘടന പ്രതിനിധികളുമായി കൃഷി വകുപ്പ് മന്ത്രി നടത്തിയ ചർച്ചയിൽ സംഭരണത്തിനായി കൃഷി ഭവനകൾ കൂടാതെ സഹകരണ സംഘങ്ങളേയും നാളികേര ഉൽപ്പാദന കമ്പനികളേയും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉയർന്നു വരുകയുണ്ടായി. നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതിനും , പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**